പതിമൂന്നാ കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4061 | 25.06.2014-ൽ മറുപടിയ്ക്ക്

## ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി

| ചോദ്യം<br><br>ശ്രീ. ഹൈബി ഈഡൻ | | ഉത്തരം<br><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും എൽ.ഡി ക്ലാർക്കമാരുടെയും, എൽ.ഡി ടൈപ്പിസ്റ്റ്മാരുടെയും ഒഴിവുകൾ കൃത്യസമയത്ത് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എപ്പോഴെങ്കിലും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ; | (എ) & (ബി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒരൊഴിവ് ആശ്രിത നിയമന ത്തിനായി മാറ്റിവച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ (എൽ.ഡി.സി, എൽ.ഡി.ടൈപ്പിസ്റ്റ് ഉൾപ്പെടെ) യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | നാളിതുവരെയുള്ള ഏതെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വിധത്തിൽ കിടപ്പുണ്ടോ; | | |
| (സി) | 2014 ആഗസ്റ്റ 31 വരെ എത്ര ഒഴിവുകൾ ഉണ്ടാകാനിടയുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി യ്ക്ക റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം? | (സി) | ആരോഗ്യ വകുപ്പിന് കീഴിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്ന് 2014 ആഗസ്റ്റ് 31 ന് മുൻപ് ആരും തന്നെ റിട്ടയർ ചെയ്യുന്നില്ല. ആയതിനാൽ ഒഴിവുകൾ ഉണ്ടാകാൻ സാധ്യതയില്ല. എൽ.ഡി.ക്ലാർക്ക് തസ്തികയിലും എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലും 01.06.2014-ൽ ഉണ്ടായ ഒഴിവുകൾ കെ.പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ